# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 953 — 12.12.2012-ൽ മറുപടിക്ക്

## ബാലവേല വിമുക്ത സംസ്ഥാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ബാലവേലയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളിൽ റയിൽവേ സ്റ്റേഷൻ, ബസ്സ്റ്റാൻറ് എന്നിവിടങ്ങളിലായി ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുകയും അവയിൽ ഹെൽപ്പ് ലൈനിൻേറയും അതത് ജില്ലാ ലേബർ ആഫീസുകളുടെയും ഫോൺ നമ്പർ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബാലവേല കണ്ടെത്തുന്നതിനായി സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും പരിശോധന നടത്തുന്ന സ്ഥാപനങ്ങളിൽ ബാലവേല കുറ്റകരമാണെന്നുള്ള സ്റ്റിക്കർ ഒട്ടിയ്ക്കുകയും ചെയ്തുവരുന്നു. |
| (ബി) വ്യാപാര സ്ഥാപനങ്ങളിലും മറ്റു തൊഴിലിടങ്ങളിലും ബാല വേല നടക്കുന്നുണ്ടോ എന്നറി യാൻ കർശന നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിലും മറ്റ് തൊഴിലിടങ്ങളിലും ബാലവേല നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഓരോ ജില്ലാ ലേബർ ആഫീസർമാരുടെയും നേതൃത്വത്തിൽ അവരുടെ പരിധിയിൽ വരുന്ന അസിസ്റ്റൻറ് ലേബർ ആഫീസർമാരെ ഉൾപ്പെടുത്തി സ്ക്വാഡുകൾ |

| | |
|---|---|
| | രൂപീകരിച്ച് പരിശോധന നടത്തുകയും ബാലവേലയ്ക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്തുവരുന്നു. |
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) പോലീസ്, സാമൂഹ്യക്ഷേമവകുപ്പ്, ചൈൽഡ് ലൈൻ, തൊഴിൽ വകുപ്പ് എന്നിവരുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ബാലവേല ചെയ്യിക്കുന്നതായി വിവരം കിട്ടുന്ന കേസുകളിൽ ഉടമയുടെ സാന്നിദ്ധ്യത്തിൽ കുട്ടിയെ റിലീസ് ചെയ്ത് ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റിയെ ഏൽപ്പിച്ചു വരുന്നു. 14 വയസ്സിനുതാഴെ പ്രായമാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ തൊഴിലുടമയ്ക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ബാലവേല സംബന്ധിച്ചുള്ള പരാതികൾ അറിയിക്കുവാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ? | (ഡി) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ബാലവേലയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള ഫ്ളക്സ് ബോർഡുകളിൽ ഹെൽപ്പ് ലൈനിൻേറയും അതാത് ലേബർ ഓഫീസുകളുടെയും ഫോൺ നമ്പർ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാലവേല ശ്രദ്ധയിൽപ്പെട്ടാൽ ഉടനെതന്നെ ആ വിവരം വിളിച്ചറിയിക്കാൻ ഈ നമ്പരുകൾ സഹായകരമാണ്. കൂടാതെ ചൈൽഡ് ലൈനിൻെറ ടോൾഫ്രീ നമ്പരും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ